# IV. സബ്മിഷൻ

## (1) രാമു കാര്യാട്ട് സ്മാരക തീയേറ്റർ നിർമ്മാണം

ശ്രീ. എൻ. കെ. അക്ബർ: 1965-ൽ രാഷ്ട്രപതിയുടെ സുവർണ്ണകമലം പുരസ്കാരം നേടിയ 'ചെമ്മീൻ', 1954-ൽ മികച്ച രണ്ടാമത്തെ ചലച്ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടിയ 'നീലക്കുയിൽ' എന്നീ സിനിമകൾ സംവിധാനം ചെയ്ത് വളരെ ചെറുപ്പത്തിൽത്തന്നെ ശ്രദ്ധേയനായ ലോകപ്രശസ്ത സിനിമാ സംവിധായകൻ രാമു കാര്യാട്ടിന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ ജന്മദേശമായ ചേറ്റുവയിൽ ഒരു സിനിമാ തീയേറ്റർ നിർമ്മിക്കുകയെന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ നീക്കിവച്ചിട്ടുള്ളതും ചേറ്റുവയിലുള്ള റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള രണ്ട് ഏക്കർ സ്ഥലം ചലച്ചിത്ര വികസന കോർപ്പറേഷന് ലീസിന് അനുവദിക്കുന്നതിനായി ലീസ് തുക നിശ്ചയിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. പ്രസ്തുത സ്ഥലത്തിൽനിന്ന് 30 സെന്റോളം വരുന്ന സ്ഥലത്ത് ഡി.ടി.പി.സി.-യുടെ ഒരു വഴിയോര വിശ്രമ കേന്ദ്രം പ്രവർത്തിച്ചിരുന്നതും കഴിഞ്ഞ മൂന്നുവർഷത്തോളമായി ആയത്

പൂർണമായും അടഞ്ഞുകിടക്കുകയുമാണ്. കുടുംബശ്രീ മുഖേന വഴിയോര വിശ്രമകേന്ദ്രം വീണ്ടും പ്രവർത്തനക്ഷമമാക്കാൻ ഇടക്കാലത്ത് തീരുമാനിച്ചെങ്കിലും അത് വീണ്ടും പ്രവർത്തിപ്പിക്കുക അപ്രായോഗികമായതിനാലും രാമു കാര്യാട്ടിന്റെ നാമധേയത്തിൽ ഒരു സിനിമാ തീയേറ്റർ നിർമ്മിക്കുക എന്നതിന് പ്രാധാന്യം നൽകിയതിനാലും ആയതിന്റെ പ്രവർത്തനം അവസാനിപ്പിച്ച് പ്രസ്തുത സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുക്കുമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലംകൂടി ഉൾപ്പെടുത്തി സിനിമാ തീയേറ്റർ നിർമ്മിക്കുന്നതിന് ലീസ് തുക നിശ്ചയിച്ച് സർക്കാരിലേക്ക് സമർപ്പിച്ചത്. സാംസ്കാരിക വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ 2023 വർഷത്തെ ബഡ്ജറ്റിൽ അംഗീകരിച്ച സിനിമാ തീയേറ്റർ നിർമ്മാണപ്രവൃത്തി എത്രയുംവേഗം ആരംഭിക്കുന്നതിന് ഭൂമി കൈമാറുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് തീരുമാനമായതാണ്. റവന്യൂ ഭൂമി ചലച്ചിത്ര വികസന കോർപ്പറേഷന് ലീസിന് നൽകുന്നതിന് നടപടി സ്വീകരിക്കാൻ അങ്ങ് ഇടപെടണമെന്ന് അറിയിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, രാമു കാര്യാട്ട് എന്ന പ്രതിഭയ്ക്കുവേണ്ടി ചേറ്റുവയിൽ ഒരു സ്മാരകം പണിയണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അത് സഭയുടെ ഒരു പൊതുവികാരം കൂടിയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ശക്തമായിട്ടുള്ള ഇടപെടലിന്റെ അടിസ്ഥാനത്തിൽ രാമു കാര്യാട്ടിന്റെ സ്മാരകം പണിയുന്നതിന് 20 സെന്റ് സ്ഥലം കണ്ടെത്തി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഈ വിഷയം കഴിഞ്ഞ കുറേക്കാലമായി തുടർച്ചയായി ഉന്നയിക്കുകയും അതിനുവേണ്ടി നേതൃത്വപരമായ പങ്ക് വഹിക്കുകയും ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.എഫ്.ടി.സി.)-ന്റെ നേതൃത്വത്തിൽ രാമു കാര്യാട്ടിന്റെ നാമധേയത്തിൽ ഒരു സിനിമാ തീയേറ്റർ വരുന്നതിന് എല്ലാവിധത്തിലുമുള്ള സർക്കാർ പിന്തുണയുമുണ്ടാകും. അക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് യാതൊരു പ്രയാസവുമില്ല. എന്നാൽ, ഇവിടെ അവതരിക്കപ്പെട്ട വിഷയത്തിൽ നേരത്തെ വഴിയോര വിശ്രമ കേന്ദ്രത്തിന് ഒരു സ്ഥലം കൈമാറിയതായി കാണുന്നുണ്ട്. അത് 45 സെന്റ് സ്ഥലം എന്നാണ് രേഖാമൂലം ലഭ്യമായിട്ടുള്ളത്. നേരത്തെ

സൂചിപ്പിച്ചതുപോലെ ഈ വിശ്രമകേന്ദ്രം വർഷങ്ങളായി ഡി.ടി.പി.സി. കരാറടിസ്ഥാനത്തിൽ വാടകകയ്ക്ക് നൽകിവന്നതും 2020-ൽ കോവിഡ് നിയന്ത്രണത്തെത്തുടർന്ന് കരാറുകാരൻ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതുമാണ്. തുടർന്ന് കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് ആ കേസിൽ ടെൻഡർ നടപടികൾ സ്റ്റേ ചെയ്തതിനെത്തുടർന്ന് ഡി.ടി.പി.സി.-ക്ക് വിശ്രമകേന്ദ്രം തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചിരുന്നില്ല. വഴിയോര വിശ്രമ കേന്ദ്രത്തിന്റെ ടെൻഡർ നടപടി സ്വീകരിക്കാനുള്ള 12-06-2023-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ വഴിയോര വിശ്രമ കേന്ദ്രം വാടകകയ്ക്ക് നൽകുന്നതായി ഡി.ടി.പി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി 10-09-2024-ന് തീരുമാനിക്കുകയുണ്ടായി. ഡി.ടി.പി.സി.-യുടെ ടെൻഡർ നടപടികൾ അവസാനഘട്ടത്തിലുമാണ്. ഈ സാഹചര്യത്തിൽ ഡി.ടി.പി.സി.-ക്ക് നൽകിയ ഭൂമി ഒഴിവാക്കിയാൽ മാത്രമേ കെ.എസ്.എഫ്.ടി.സി.-ക്ക് ഭൂമി നൽകാൻ സാധിക്കുകയുള്ളൂ. രണ്ട് ഏക്കർ സ്ഥലത്ത് സാധാരണഗതിയിൽ ആ ഭൂമി കാണേണ്ടതാണ്. അല്ലാത്തപക്ഷം ഡി.ടി.പി.സി. പ്രസ്തുത ഭൂമി സറണ്ടർ

ചെയ്യേണ്ടതുണ്ട്. ഇതിൽ ഏതെങ്കിലുമൊരു നടപടി സ്വീകരിച്ചേ മതിയാകൂ. ഡി.ടി.പി.സി.-ക്ക് അനുവദിച്ച 40 സെന്റ് ഭൂമിയിൽ കൂടുതൽ ഭൂമി അവർ കൈവശംവച്ചിട്ടുണ്ടോ എന്നുകൂടി പരിശോധിക്കേണ്ടതുണ്ട്. ഈ സാധ്യതകൾ പരിശോധിക്കാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ റവന്യൂ, ടൂറിസം, കെ.എസ്.എഫ്.ടി.സി. പ്രതിനിധികൾ ഉൾപ്പെട്ട ഒരു സംയുക്ത പരിശോധനാ സംഘം 25-01-2025-ന് സ്ഥലം സന്ദർശനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.ടി.പി.സി.-ക്ക് നൽകിയിട്ടുള്ള 45 സെന്റ് ഭൂമി നിജപ്പെടുത്തി നൽകുകയും ബാക്കിയുള്ള ഭൂമിയുടെ അളവ് കണക്കിലെടുത്ത് കെ.എസ്.എഫ്.ടി.സി.-ക്ക് ആവശ്യമായ സ്ഥലം തിട്ടപ്പെടുത്തി മൂന്നാഴ്ചയ്ക്കുള്ളിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കാനാണ് ഉദ്യോഗസ്ഥ സമിതിയോട് സർക്കാർ നിർദേശിച്ചിട്ടുള്ളത്. റിപ്പോർട്ട് ലഭിച്ചതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗത്തിന് ഒരു കാര്യം ഉറപ്പുനൽകുകയാണ്. രാമു കാര്യാട്ട് എന്ന വിശ്വപ്രസിദ്ധനും മണപ്പുറത്തിന്റെ അസാമാന്യമായിട്ടുള്ള അനുഭവവുമുള്ള ഒരു സാംസ്കാരിക പ്രവർത്തകന് സ്മാരകം നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റവും

ചുരുങ്ങിയ കാലയളവിനുള്ളിൽ നൽകാനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിക്കുമെന്ന് സഭയെ അറിയിക്കുന്നു.

(2) പായിപ്പാട്, ചങ്ങനാശ്ശേരി സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പായിപ്പാട്, ചങ്ങനാശ്ശേരി വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുകയാണ്. സ്മാർട്ട് വില്ലേജ് ഓഫീസാക്കാൻ 44 ലക്ഷം രൂപാവീതം അനുവദിച്ച് ജില്ലാ നിർമ്മിതി കേന്ദ്രം മുഖാന്തിരം നിർമ്മാണം ആരംഭിച്ചതിനുശേഷം പൂർണ്ണമായും നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. രണ്ട് വില്ലേജ് ഓഫീസുകളുടെയും ബേസ്മെന്റ് നിർമ്മാണംപോലും പൂർത്തിയാക്കിയിട്ടില്ല. പായിപ്പാട് വില്ലേജ് ഓഫീസ് പണിയുവാൻ സ്ഥലം ആവശ്യമായിവന്നപ്പോൾ അതിനുള്ള സ്ഥലം നാലുകോടി പള്ളിയെക്കൊണ്ട് നൽകിയിട്ടുള്ളതാണ്. പലതവണ ഇക്കാര്യം ഡി.ഡി.സി. യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. നിരവധി തവണ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തിയെങ്കിലും നിർമ്മാണം പുനരാരംഭിക്കാൻ സാധിച്ചിട്ടില്ല. നിർമ്മിതി കേന്ദ്രത്തിന് പണം

അനുവദിക്കാത്തതാണ് കാരണമെന്നാണ് അറിയുന്നത്. ടി വിഷയത്തിൽ ഇടപെട്ട് പായിപ്പാട് വില്ലേജ് ഓഫീസിന്റെയും ചങ്ങനാശ്ശേരി ടൗൺ വില്ലേജ് ഓഫീസിന്റെയും നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രധാനപ്പെട്ട പ്രശ്നമാണ്. സ്മാർട്ട് വില്ലേജുകൾ വ്യാപകമായി കേരളത്തിൽ ആരംഭിക്കാനും ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ സമ്പൂർണ്ണമാക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി അനുവദിക്കപ്പെട്ട വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം എല്ലാ മാസവും പരിശോധിക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 2019-20 സാമ്പത്തിക വർഷത്തെ സ്മാർട്ട് വില്ലേജ് പദ്ധതിയിലുൾപ്പെടുത്തിയ പായിപ്പാട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് 28-06-2022 തീയതിയിലെ പ്രത്യേക ഉത്തരവുപ്രകാരവും 2020-21 സാമ്പത്തിക വർഷത്തെ സ്മാർട്ട് വില്ലേജ് പദ്ധതിയിലുൾപ്പെടുത്തി

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനും പ്രത്യേകമായ ഭരണാനുമതികൾ നൽകുകയും ഓരോ ഉത്തരവുപ്രകാരവും വില്ലേജ് ഓഫീസുകൾക്ക് 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ഈ പ്രവൃത്തികൾക്കായി ബന്ധപ്പെട്ട അഡ്വാൻസ് ഇനത്തിൽ 8,80,000/- രൂപ വീതം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് ഇതിനകം അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ഒന്നാം പാർട്ട് ബിൽ മാറിനൽകുന്നതിനായി ചങ്ങനാശ്ശേരി വില്ലേജ് ഓഫീസിന് 7,69,842/- രൂപയും പായിപ്പാട് വില്ലേജ് ഓഫീസിന് 5,21,197/- രൂപയുമുൾപ്പെടെ ആകെ 12,91,039/- രൂപ അനുവദിക്കണമെന്ന് കോട്ടയം ജില്ലാ കളക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ബന്ധപ്പെട്ട ജില്ലയ്ക്ക് അനുവദിച്ചുകൊണ്ട് 26-10-2024-ൽ ലാൻഡ് റവന്യൂ കമ്മീഷണർ നടപടിക്രമം പുറപ്പെടുവിച്ചിരുന്നു. എന്നാൽ സാമ്പത്തിക നിയന്ത്രണം കാരണം 5,21,197/- രൂപ മാത്രമെ ബി.ഐ.എം.എസ്. (BiMS) മുഖേന ജില്ലയ്ക്ക് അനുവദിക്കാൻ

കഴിഞ്ഞിരുന്നുള്ളൂ. നിലവിൽ ബി.ഐ.എം.എസ്. ചെലവുപരിധി വർധിപ്പിച്ച് ലഭ്യമായ സാഹചര്യത്തിൽ അവശേഷിച്ച തുകയായ 7,69,842/- രൂപകൂടി ജില്ലയ്ക്ക് ഉടനടി നൽകാൻ ലാൻഡ് റവന്യൂ കമ്മീഷണർ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ച രണ്ട് വില്ലേജ് ഓഫീസുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം പുനരാരംഭിച്ച് നിർമ്മാണം പൂർത്തീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റാൻ കഴിയുന്നതാണ്.

### (3) ജലവിതാനത്തിനടിയിൽപ്പെട്ട ഭൂമിയുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകൽ

ശ്രീ. എം. വിൻസെന്റ്: സർ, കോവളം നിയോജകമണ്ഡലത്തിലെ വെള്ളായണി കായലിലെ ജലവിതാനത്തിനടിയിൽപ്പെട്ടുപോയ 9251.09 ആർ സ്ഥലം ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിന് വില ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത് ആർ.എഫ്.സി.ടി.എൽ.എ. ആൻഡ് ആർ.ആർ. ആക്റ്റ്, 2013 (RIGHT TO FAIR COMPENSATION AND TRANSPARENCY IN LAND ACQUISITION, REHABILITATION AND RESETTLEMENT ACT,

2013)-ലെ സെക്ഷൻ 26 പ്രകാരമാണ്. ടി ഭൂവുടമകളായിട്ടുള്ള പാവപ്പെട്ട കർഷകരുടെ പട്ടയഭൂമിയിൽ 1991 മുതൽ അവർക്ക് കൃഷി ചെയ്യുന്നതിനോ നഷ്ടപരിഹാരം ലഭിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ പ്രസ്തുത ആക്റ്റിലെ 26-നുപകരം സെക്ഷൻ 108 പ്രകാരം സർക്കാർ മികച്ച നഷ്ടപരിഹാരം നൽകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. കാലാകാലങ്ങളായി ഏകദേശം 650-ഓളം വരുന്ന കർഷകർ കൃഷി ചെയ്തിരുന്ന ഭൂമിയാണ്. പിന്നീട് പലവിധ കാരണങ്ങളാൽ അത് കായലിന്റെ ജലവിതാനത്തിന് അടിയിൽപ്പെട്ടുപോയി. അപ്പോഴും എല്ലാ വർഷവും കാർഷിക സർവകലാശാലയും പാടശേഖര സമിതിയും സംയുക്തമായി വെള്ളം വറ്റിച്ച് അവിടെ കൃഷി ചെയ്യുമായിരുന്നു. വെള്ളം വറ്റിക്കുന്നതിനായി ഗവൺമെന്റ് ഓരോ ഹെക്ടറിനും നിശ്ചിത തുകയും നൽകുമായിരുന്നു. എന്നാൽ വെള്ളായണി കായൽ Fresh water reservoir ആയി നിലനിർത്തണമെന്നുള്ള സർക്കാർ ഉത്തരവിനുശേഷം വെള്ളായണി കായൽ വറ്റിക്കാനോ കൃഷി ചെയ്യാനോ സാധിച്ചിട്ടില്ല. 1991 മുതൽ കൃഷിചെയ്ത് ഉപജീവനം കഴിച്ചിരുന്ന 650-ഓളം കുടുംബങ്ങൾക്ക് ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ സാധിച്ചിട്ടില്ല. അതിനെത്തുടർന്നാണ് ഇത്

ഏറ്റെടുക്കാനായി 4(1) നോട്ടിഫിക്കേഷൻ 1991-ൽ വന്നത്. അന്ന് നിശ്ചയിച്ച വിലവച്ച് ഇപ്പോഴത്തെ കാലത്ത് കൊടുക്കാൻ സാധിക്കില്ല. ഒരു ആർ (രണ്ടര സെന്റ്)-ന് കേവലം 45,000/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. തിരുവനന്തപുരം നഗരത്തോട് ചേർന്നുകിടക്കുന്ന പ്രദേശത്ത്, ആ കായലിന്റെ കരയിൽത്തന്നെ 5-10 ലക്ഷം രൂപവരെ വിലയുള്ള സ്ഥലമാണ്. വെള്ളത്തിൽപ്പെട്ടുപോയതും സർക്കാരിന്റെ ഉത്തരവുപ്രകാരം പിന്നീട് അവിടെ കൃഷി ചെയ്യാൻ സാധിക്കാതിരുന്നതുമാണ്. അങ്ങനെയുള്ള ഭൂമിക്ക് പ്രകോപനപരവും പരിഹാസ്യവുമായ വിലയാണ് നിശ്ചയിച്ചിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, കൺക്ലൂഡ്.

ശ്രീ. എം. വിൻസെന്റ്: സർ, അതുകൊണ്ട് അവർക്ക് മതിയായ വില ലഭിക്കുന്നതിനുവേണ്ടി ഈ ആക്റ്റിലെ സെക്ഷൻ 26-നുപകരം 108 അപ്ലൈ ചെയ്തുകൊണ്ട് അവർക്ക് മതിയായ നഷ്ടപരിഹാരം നൽകേണ്ടതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: വിഷയം മനസ്സിലായല്ലോ. പ്ലീസ്, കൺക്ലൂഡ്.

ശ്രീ. എം. വിൻസെന്റ്: സർ, 96 കോടി രൂപയുടെ ഒരു പ്രോജക്ട് ജലസേചന വകുപ്പ് വെള്ളായണി കായലിൽ നടപ്പിലാക്കുകയാണ്. അത്

നടക്കിലാക്കണമെങ്കിൽതന്നെ ഇവർക്ക് മതിയായ വില കൊടുത്ത് ആ ഭൂമിയേറ്റെടുത്താൽ മാത്രമേ കഴിയുകയുള്ളൂ. അതുകൊണ്ട് ആ പ്രോജക്ടും നിലച്ചിരിക്കുകയാണ്. അതുകൊണ്ട് വെള്ളായണി കായലിലെ ജലവിതാനത്തിനടിയിൽപ്പെട്ട ഭൂമിക്ക് പരമാവധി വില നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രധാനപ്പെട്ട പ്രശ്നമാണ്. പക്ഷേ, അംഗം സാധാരണ കാര്യങ്ങളൊക്കെ പരിശോധിക്കുന്നതാണ്. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇതിന്റെ അവസാനത്തെ ഭാഗം പരിശോധിക്കാത്ത പ്രശ്നമുണ്ടെന്ന് എനിക്ക് തോന്നുന്നു. വളരെ ഗൗരവമുള്ള പ്രശ്നമാണിത്. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയെന്ന നിലയിലും യൂണിവേഴ്സിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമെന്ന നിലയിലും ഞാൻ ഈ സ്ഥലം നേരിട്ട് സന്ദർശിക്കുകയും ആവശ്യമായ ചർച്ചകൾ നടത്തിയിരുന്നതുമാണ്. കോവളം നിയോജകമണ്ഡലത്തിലെ കല്ലിയൂർ, വെങ്ങാനൂർ എന്നീ വില്ലേജുകളിൽപ്പെട്ടതും വെള്ളായണി കായൽ ജലവിതാനത്തിനടിയിൽപ്പെട്ടതുമായ ഭൂമിയുടെ

ഉടമകളായ കർഷകരുടെ ഭൂമിക്ക് ന്യായമായ പ്രതിഫലം ലഭിക്കണമെന്നുതന്നെയാണ് സർക്കാരിന്റെ ആഗ്രഹവും അഭിപ്രായവും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2017-ൽ കൂടിയ യോഗമാണ് വെള്ളത്തിനടിയിൽപ്പെട്ടുമൂലം കൃഷിയിറക്കാൻ പറ്റാത്ത ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാൻ തീരുമാനിച്ചത്. യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല വിധിനിർണ്ണയ സമിതി (DLFC) യോഗം ചേർന്ന് ചീഫ് സെക്രട്ടറി അധ്യക്ഷനായ SLEC മുമ്പാകെ അവതരിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. ആകെ 9251.09 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. 1991-ലെ ലാൻഡ് വാല്യൂ അടിസ്ഥാനമാക്കി വില നിശ്ചയിക്കാനാണ് അന്ന് തീരുമാനിച്ചിരുന്നത്. 2013-ലെ എൽ.എ.ആർ.ആർ. ആക്ടുപ്രകാരമുള്ള നടപടിക്രമങ്ങളല്ല സ്വീകരിച്ചതെങ്കിലും 16-05-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ 1991-ലെ ലാൻഡ് വാല്യുവും ഗുണഘടകവും 100 ശതമാനം സൊലേഷ്യവും (solatium) 12 ശതമാനം അഡീഷണൽ വാല്യുവുമുൾപ്പെടെ എൽ.എ.ആർ.ആർ. ആക്ടിലെ

സെക്ഷൻ 26, 30 എന്നിവ ഉപയോഗിച്ച് ഭൂമിയുടെ കമ്പോളവില നിശ്ചയിക്കുകയും ചെയ്തു. ഈ നടപടി സ്വീകരിച്ചിട്ടുള്ളത് എൽ.എ.ആർ.ആർ. ആക്റ്റിലെ 108-ാം വകുപ്പുപ്രകാരം സർക്കാർ പുറപ്പെടുവിച്ച 23-09-2015-ലെ ജി.ഒ.(എം.എസ്.) 485/2015 എന്ന റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. ഡി.എൽ.എഫ്.സി. നിശ്ചയിച്ച വില ഭൂവുടമകൾ അംഗീകരിക്കുന്നില്ലെന്ന പ്രശ്നം വന്നു. ഇതിനെത്തുടർന്ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 23-10-2024-ൽ ലാൻഡ് റവന്യൂ കമ്മീഷണർ, ജില്ലാ കളക്ടർ, ജലവിഭവ വകുപ്പ്, ധനകാര്യ വകുപ്പ് പ്രതിനിധികൾ എന്നിവർ പങ്കെടുത്തുകൊണ്ട് ചേർന്ന യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പത്തിരട്ടിയോളം വരുന്ന പുതിയ വില ഇപ്പോൾ നിശ്ചയിച്ചുകഴിഞ്ഞു. 6 കോടിയിലധികം രൂപയാണ് 2022-ൽ മാറ്റിവച്ചിരുന്നത്. അത് മതിയാകുകയില്ല. അതിനേക്കാൾ ഉയർന്ന വിലയാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്. ജില്ലാ കളക്ടർ പുതുക്കി നിശ്ചയിച്ച വില 2022-ൽ കണക്കാക്കിയ വിലയേക്കാൾ വളരെ കൂടുതലാണ്. വർധിപ്പിച്ച തുക അനുവദിക്കുന്നതിന് ജലവിഭവ വകുപ്പിനോട് അഭ്യർഥിച്ചിട്ടുണ്ട്. ജലവിഭവ

വകുപ്പ് തുക അനുവദിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള വില 2024 ഒക്ടോബർ മാസത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ ഉൾപ്പെടെയുള്ളവരുടെ സാന്നിധ്യത്തിൽ ചേർന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ യോഗത്തിൽ നിശ്ചയിച്ചിട്ടുണ്ട്.

(4) ജൽജീവൻ മിഷനുവേണ്ടി പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കൽ

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ നിയോജകമണ്ഡലത്തിൽ എടത്തല, ചെങ്ങമനാട്, കീഴ്മാട്, കാഞ്ഞൂർ, നെടുമ്പാശ്ശേരി, ശ്രീമൂലനഗരം, ചൂർണ്ണിക്കര പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഓംധർ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് എടത്തല, ചെങ്ങമനാട് പഞ്ചായത്തുകളിലെ വർക്ക് ഏറ്റെടുത്തിരിക്കുന്നത്. എടത്തല പഞ്ചായത്തിൽ ആകെ 73 കിലോമീറ്ററിലാണ് പ്രവൃത്തി ചെയ്യേണ്ടത്. അതിൽ 11 കിലോമീറ്റർ വരെയുള്ള പ്രവൃത്തി ഏകദേശം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത കമ്പനിയാണ് ചെങ്ങമനാട് പഞ്ചായത്തിലെയും 124 കിലോമീറ്റർ വർക്ക്

ഏറ്റെടുത്തിട്ടുള്ളത്. അതിൽ 34 കിലോമീറ്ററിലാണ് പ്രവൃത്തി ചെയ്യുന്നത്. അതുപോലും ഇതുവരെ പൂർത്തിയായിട്ടില്ല. പ്രസ്തുത പദ്ധതി ഒരിടത്തുമെത്താത്ത രീതിയിലായിരിക്കുകയാണ്. പ്രസ്തുത പഞ്ചായത്തുകളിൽ ഈ വർക്ക് നടക്കുന്നതുകൊണ്ട് പല റോഡുകളുടെയും അറ്റകുറ്റപ്പണികൾ ചെയ്യാൻ സാധിക്കുന്നില്ല. ചൂർണ്ണിക്കര പഞ്ചായത്തിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ പോകുന്നതെയുള്ളൂ. കീഴ്മാട്, കാഞ്ഞൂർ, നെടുമ്പാശ്ശേരി, ശ്രീമൂലനഗരം എന്നീ പഞ്ചായത്തുകളിൽ പ്രവൃത്തി വളരെ സാവധാനമാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. യഥാസമയം ബില്ലുകൾ പാസ്സായി ലഭിക്കാത്തതാണ് അതിന് കാരണമായി ബന്ധപ്പെട്ട കോൺട്രാക്ടർമാർ പറയുന്നത്. എടത്തല, ചെങ്ങമനാട് പഞ്ചായത്തുകളിലെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്ത് ചെയ്യാൻ സാധിക്കും? മേൽപറഞ്ഞ കമ്പനിയെതന്നെ വീണ്ടും വർക്ക് ഏൽപ്പിക്കുമോ? അല്ലെങ്കിൽ അവരെ ടെർമിനേറ്റ് ചെയ്ത് എത്രയും വേഗം ടെൻഡർ ചെയ്ത് പുതിയ കോൺട്രാക്ടർക്ക് നൽകണം. പക്ഷേ അതിനകത്തുള്ള തടസ്സം, പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന്

യഥാസമയം പണം ലഭിക്കാത്ത പ്രശ്നമുള്ളതുകൊണ്ട് പലരും ടെൻഡർ ഏറ്റെടുക്കാൻ മുന്നോട്ടുവരില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...... പ്ലീസ്...

ശ്രീ. അൻവർ സാദത്ത്: സർ, ജൽജീവൻ മിഷൻ പ്രവൃത്തി പൂർത്തിയാക്കാതെ റോഡുകൾ കുഴിച്ചിട്ടിരിക്കുന്നതിനാൽ പഞ്ചായത്തുകളിലെ റോഡ് മെയിന്റനൻസ് പ്രവൃത്തികൾക്കായി തനത് ഫണ്ടും പ്ലാൻ ഫണ്ടും ചെലവഴിക്കാൻ സാധിക്കുന്നില്ല. അത് വലിയ പ്രശ്നമായി നിൽക്കുകയാണ്. അതുപോലെ ഗ്രാമീണ റോഡുകൾക്ക് സർക്കാർ ഫണ്ട് അനുവദിക്കുന്നുണ്ട്. പക്ഷേ കേരളത്തിലെ പല പഞ്ചായത്തുകളിലും റോഡുകൾ വെട്ടിപ്പൊളിച്ചിട്ടിരിക്കുന്നതിനാൽ പ്രസ്തുത ഫണ്ടും ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുകയാണ്. കരാറുകാർ ഒന്നാം തീയതി മുതൽ സമരത്തിലേക്ക് പോവുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അതുംകൂടി എത്രയുംവേഗം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. ലീക്ക് പോലുള്ള പ്രശ്നങ്ങൾ വരുമ്പോൾ കുടിവെള്ളം തടസ്സപ്പെടാനുള്ള സാഹചര്യമുണ്ട്. അതുകൊണ്ട് ആലുവ നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ

പദ്ധതിയുടെ പുരോഗതി കാര്യക്ഷമമായി വിലയിരുത്തി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ എടത്തല, ചൂർണ്ണിക്കര, കീഴ്മാട്, ചെങ്ങമനാട്, ശ്രീമൂലനഗരം, കാഞ്ഞൂർ, നെടുമ്പാശ്ശേരി പഞ്ചായത്തുകളിലെ ജൽജീവൻ പ്രവൃത്തികൾ സംബന്ധിച്ച പ്രശ്നങ്ങളോടൊപ്പം പൊതുവായ ചില വിഷയങ്ങളും സൂചിപ്പിക്കുകയുണ്ടായി. അതിൽ എടത്തല പഞ്ചായത്തിന്റെ വിതരണ ശൃംഖല 72 കിലോമീറ്ററാണ്. 5520 FHTC (Functional Household Tap Connection)-കൾ നൽകുന്ന പ്രവൃത്തികളാണ് ജൽജീവൻ പദ്ധതിയിലുൾപ്പെട്ടത്. ഓംധർ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് കരാർ വച്ച 3175.79 ലക്ഷം രൂപയുടെ പ്രവൃത്തികളിൽ ഇതുവരെ 11 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് 501 FHTC-കൾ നാളിതുവരെ നൽകിയിട്ടുണ്ട്. ആകെ 14 ശതമാനം പ്രവൃത്തിയാണ്

നിർവഹിക്കാൻ കഴിഞ്ഞിട്ടുള്ളത്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി മുറിച്ച 11 കിലോമീറ്റർ റോഡിൽ 8.3 കിലോമീറ്റർ റോഡ് പുന:സ്ഥാപിച്ചിട്ടുമുണ്ട്. രണ്ടുമാസമായി കരാറുകാർ പ്രവൃത്തികൾ ചെയ്യുന്നില്ല. പ്രവൃത്തി പുനരാരംഭിക്കാനും ചെയ്ത പ്രവൃത്തിയുടെ അപകാതകൾ പരിഹരിക്കുന്നതിനുമായി കരാറുകരാന് കത്ത് മുഖാന്തരം നിർദേശം നൽകിയെങ്കിലും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. 06-01-2023-ന് കരാർ വച്ച പ്രവൃത്തിയുടെ കാലാവധി 31-12-2024 വരെ ദീർഘിപ്പിച്ചുനൽകിയിരുന്നു. റോഡിന്റെ അപകടകരമായ അവസ്ഥ പരിഹരിക്കുന്നതിനായി അത്യാവശ്യം പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി നേരിട്ടാണ് നടപ്പിലാക്കി വരുന്നത്. എടത്തല പഞ്ചായത്തിൽ കൊച്ചിൻ ബാങ്കുമുതൽ മണലിമുക്കുവരെ വിതരണശൃംഖല സ്ഥാപിച്ച് 394 FHTC നൽകുന്ന പ്രവൃത്തി 453.22 ലക്ഷം രൂപയ്ക്ക് 04-01-2023-ന് കരാർ വച്ചു. പ്രവൃത്തി 68 ശതമാനം പൂർത്തീകരിച്ചു. 4.3 കിലോ മീറ്റർ റോഡിൽ പൈപ്പ് സ്ഥാപിച്ച് പി.ഡബ്ല്യൂ.ഡി.ക്ക് കൈമാറുകയും റോഡ് പുന:സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

എൻ.എ.ഡി.-യുടെ അനുമതി ലഭിച്ചാൽ ബാക്കി പൈപ്പ്ലൈൻ സ്ഥാപിക്കാൻ സാധിക്കും.

ചെങ്ങമനാട് പഞ്ചായത്തിൽ വിതരണശൃംഖല സ്ഥാപിച്ച് FHTC നൽകുന്നതിനുള്ള പ്രവൃത്തിക്ക് ഓംധർ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് 25-05-2023-ന് വർക്ക് ഓർഡർ നൽകി. 41.23 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിരുന്ന പ്രവൃത്തി തീർക്കേണ്ടിയിരുന്ന കാലാവധി 28-11-2024 വരെ ദീർഘിപ്പിച്ച് നൽകി. പ്രസ്തുത കാലയളവിലും പ്രവൃത്തികൾ പൂർത്തീകരിക്കാൻ കരാറുകാരന് സാധിച്ചിട്ടില്ല. പ്രവൃത്തിയിൽ 124 കിലോമീറ്റർ പൈപ്പ് സ്ഥാപിക്കാനും 5945 FHTC-കൾ നൽകാനും 60 കിലോമീറ്റർ റോഡ് പുന:സ്ഥാപിക്കാനുമുണ്ടായിരുന്നു. അതിൽ 34 കിലോ മീറ്റർ പൈപ്പ് സ്ഥാപിച്ച് 503 FHTC-കൾ നൽകുകയും 20 കിലോ മീറ്റർ റോഡ് പുന:സ്ഥാപിക്കുകയും ചെയ്തു. നിരവധി കത്തുകൾ നൽകിയിട്ടും പ്രവൃത്തികൾ തുടരുന്നതിന് കരാറുകാരൻ തയ്യാറായിട്ടില്ല.

കീഴ്മാട് പഞ്ചായത്തിൽ ഡി.ഐ., പി.വി.സി., എച്ച്.ഡി.പി.ഇ., ജി.ഐ. പൈപ്പുകൾ വിതരണശൃംഖലയ്ക്കായി 31 കിലോമീറ്റർ സ്ഥാപിച്ച് 2203 FHTC-

കൾ നൽകുന്ന പ്രവൃത്തിക്കായി 24-02-2023-ൽ ശ്രീ. സുനിൽ മാത്യു എന്ന കരാറുകാരൻ ഉടമ്പടി വച്ചു. 20 കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചു. 952 FHTC-കൾ നൽകുകയും ചെയ്തു. അറുപതുശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. ഇതിൽ ഏകദേശം ഒരു കിലോമീറ്റർ ഒഴികെയുള്ള റോഡുകൾ പുന:സ്ഥാപിച്ചിട്ടുണ്ട്. പ്രവൃത്തി മന്ദഗതിയിലാണെങ്കിലും പുരോഗമിക്കുന്നുണ്ട്. ശ്രീമൂലനഗരം പഞ്ചായത്തിലെ 83 കിലോമീറ്റർ പൈപ്പ് സ്ഥാപിക്കാനുണ്ടായതിൽ 82 കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചിട്ടുള്ളതും 45 കിലോമീറ്റർ റോഡ് പുന:സ്ഥാപിച്ചിട്ടുള്ളതുമാണ്. കാഞ്ഞൂർ പഞ്ചായത്തിൽ 105 കിലോമീറ്റർ പൈപ്പ് സ്ഥാപിക്കാനുണ്ടായിരുന്നതിൽ 75 കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചിട്ടുള്ളതും 17 കിലോമീറ്റർ റോഡ് പുന:സ്ഥാപിച്ചിട്ടുള്ളതുമാണ്. നെടുമ്പാശ്ശേരി പഞ്ചായത്തിൽ 155 കിലോമീറ്റർ പൈപ്പ് സ്ഥാപിക്കാനുണ്ടായതിൽ 96 കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചിട്ടുള്ളതും 15 കിലോമീറ്ററോളം പുന:സ്ഥാപിച്ചിട്ടുള്ളതുമാണ്.

ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ കരാറുകാർ വരുത്തിയിട്ടുള്ള വീഴ്ച

പരിശോധിക്കും. ഇത് കരാറുകാരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയായിട്ടാണ് കാണുന്നത്. കരാറുകാരന് പ്രവൃത്തി തുടരാൻ താൽപര്യമില്ലായെന്നുള്ളതാണ് മറുപടിയെങ്കിൽ അദ്ദേഹത്തെ നിയമാനുസൃതമായി ഒഴിവാക്കാനും സമയബന്ധിതമായി റീ-ടെൻഡർ ചെയ്ത് പദ്ധതി മറ്റൊരുതലത്തിലേയ്ക്ക് കൊണ്ടുപോകാനും ശ്രദ്ധിക്കും. കരാറുകാർക്ക് പണം ലഭിക്കുന്നില്ലെന്ന ആശങ്കയാണ് ബഹുമാനപ്പെട്ട അംഗം ഉയർത്തിയ മറ്റൊരു പ്രശ്നം. ഇത്രയും വലിയൊരു പദ്ധതി സംസ്ഥാനത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരുപോലെ നടക്കുകയാണ്. എം.എൽ.എ.-മാർ നല്ലനിലയിൽ ജാഗ്രത പുലർത്തുന്നുണ്ട്. 70 ശതമാനത്തോളം കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് ഇതിൽ കാണേണ്ടത്. ചുരുക്കം ചില പ്രശ്നങ്ങൾ രൂപപ്പെടുന്നുണ്ട്. അത് പരിഹരിക്കുന്നതിനായി എം.എൽ.എ.-മാർ കുറച്ചുകൂടി കൃത്യമായി ഇക്കാര്യങ്ങൾ പരിശോധിക്കണം. നിങ്ങൾ ഓരോരുത്തരും പറയുന്ന കാര്യങ്ങൾ ഗവൺമെന്റ് ഗൗരവമായി കാണും. കരാറുകാരുടെ പ്രവൃത്തികൾ നിയന്ത്രിക്കാനും മോണിറ്റർ ചെയ്യാനുമുള്ള അവകാശങ്ങൾ എം.എൽ.എ.-മാർക്കുണ്ട്. കേരളത്തിൽ ഏതാണ്ട് 35,000 കോടി രൂപയുടെ വർക്ക്

നടക്കുന്നുണ്ട്. 3900 ബില്ലുകളിലായി 4,000 കോടി രൂപ മാത്രമാണ് കുടിശ്ശികയുള്ളത്. പ്രസ്തുത തുക നൽകുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടുള്ളതാണ്. ചട്ടം 300 അനുസരിച്ച് ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശം നമുക്കെല്ലാവർക്കുമറിയാം. ഏതുവിധേനയും ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടുപോകാനുള്ള സർക്കാരിന്റെ തീരുമാനത്തിൽ മാറ്റമില്ല. സമയബന്ധിതമായി ഇക്കാര്യങ്ങൾ ചെയ്യാൻ കഴിയുന്നത്ര ജാഗ്രത പുലർത്തുന്നുണ്ട്. അതുകൊണ്ട് ഈ വർക്ക് എല്ലാതരത്തിലും പുരോഗമിപ്പിച്ചുകൊണ്ടുപോകുന്നതിന് പ്രത്യേക താൽപര്യം ബഹുമാനപ്പെട്ട അംഗങ്ങളും കൂടി കാണിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്. കരാറുകാരുടെ സമരത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. സമരമല്ല ആവശ്യം. സ്വാഭാവികമായും പി.ഡബ്ല്യു.ഡി. മാനുവൽ അനുസരിച്ച് പരിശോധിച്ചാൽ ആകെ കോൺട്രാക്ട് വർക്കിന്റെ 10 ശതമാനത്തിനുശേഷം സബ്മിറ്റ് ചെയ്യേണ്ട ബില്ലുകൾക്കുപകരം.......... എത്രയുണ്ടെങ്കിലും ചെയ്യുന്നുണ്ട്. പരിഗണിക്കാൻ തയ്യാറാകുന്നുമുണ്ട്. അതുകൊണ്ട് ഇതിന് ജാഗ്രത പുലർത്തണം. കരാറുകാർക്ക് യഥാസമയം പണം നൽകുമെന്ന് ഗവൺമെന്റ് ഉറപ്പുനൽകിയിട്ടുണ്ട്. എല്ലാ

പഞ്ചായത്തിലും ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന വിശ്വാസം ഗവൺമെന്റിനുണ്ട്. അതിനായി എല്ലാ അംഗങ്ങളും സഹകരിക്കുകയും പദ്ധതി മോണിറ്റർ ചെയ്യുകയും ചെയ്യണം.

(5) കൊയിലാണ്ടിയിലെ തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കൽ

ശ്രീമതി കാനത്തിൽ ജമീല: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഏകദേശം മുഴുവൻ റോഡുകളിലും ജൽജീവൻ മിഷൻ പദ്ധതിയുടെ പൈപ്പ് സ്ഥാപിക്കാനായി കുഴിയെടുത്തിട്ടുള്ളതാണ്. പ്രസ്തുത റോഡുകളൊന്നുംതന്നെ വാട്ടർ അതോറിറ്റി പുന:സ്ഥാപിക്കാത്തതിനാൽ കഴിഞ്ഞ മഴക്കാലത്ത് മുഴുവൻ റോഡുകളും ഇടിഞ്ഞുപോയിട്ടുണ്ട്. ഇപ്പോൾ റോഡിലൂടെ കാൽനടയാത്രയ്ക്കുപോലും സാധിക്കാത്ത സ്ഥിതിയാണ്. വാട്ടർ അതോറിറ്റി കുഴിയെടുത്ത ഭാഗം പുന:സ്ഥാപിച്ചാൽമാത്രമെ റോഡ് മെയിന്റനൻസിന് സാധ്യമാകൂ. അതിനാൽ പൂർണ്ണമായും തകർന്ന റോഡുകളെ ഗതാഗതയോഗ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. മൂന്ന് മാസം കൂടുമ്പോൾ വാട്ടർ അതോറിറ്റി ജീവനക്കാരെയും എ.ഇ. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെയും പഞ്ചായത്ത് പ്രസിഡന്റുമാരെയെല്ലാം വിളിച്ച് പ്രവൃത്തി

പെട്ടെന്നുതന്നെ പൂർത്തിയാക്കാൻവേണ്ടിയുള്ള നിർദേശങ്ങൾ നൽകുന്നുണ്ട്. പക്ഷേ കരാറുകാർക്ക് പണം ലഭിക്കുന്നില്ലായെന്ന് പറഞ്ഞുകൊണ്ടിരിക്കുന്ന സ്ഥിതിയാണ്. പണം ലഭിച്ചിട്ടുള്ള കരാറുകാർ പോലും യഥാസമയം റോഡ് പുന:സ്ഥാപിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പൊതുവായ ഒരു സ്റ്റേറ്റ്മെന്റാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമീണ റോഡുകൾ എല്ലാംതന്നെ സമീപകാലത്തായി പൊളിച്ചിട്ടുണ്ട്. കുടിവെള്ളം എത്തിച്ചുകൊടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളും പ്ലാന്റുകളുടെയും ടാങ്കുകളുടെയും നിർമ്മാണവും പുരോഗമിച്ചുവരുന്നുണ്ട്. പൊളിച്ചിട്ടിരിക്കുന്ന റോഡുകളിൽ പൈപ്പ് സ്ഥാപിച്ച് വാട്ടർ ടെസ്റ്റ് നടത്തിയാൽ മാത്രമെ പെർമനന്റായി റെസ്റ്റോർ ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ താൽക്കാലിക റെസ്റ്റൊറേഷൻ പ്രവൃത്തികൾക്ക് എവിടെയെങ്കിലും താമസമുണ്ടായിട്ടുണ്ടെങ്കിൽ പ്രത്യേകമായി പരിശോധിക്കാം. അതോടൊപ്പംതന്നെ പ്രവൃത്തി പൂർത്തിയാക്കിയ സ്ഥലങ്ങളിൽ പെർമനന്റായി റെസ്റ്റോർ ചെയ്യുന്നതിന്

തടസ്സങ്ങളുണ്ടെങ്കിലും പരിശോധിക്കുന്നതാണ്. ഗ്രാമീണ റോഡുകൾ പൊളിച്ചിട്ടിരിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നത് ആവശ്യമാണ് എന്നുള്ളതുകൊണ്ടുതന്നെ ഇത് മോണിറ്റർ ചെയ്യാനായി എം.എൽ.എ.-മാരെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള നിർദേശം നൽകിയിട്ടുണ്ട്. ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഒരു നിയോജകമണ്ഡലത്തിലെ കൺവീനറായി ചുമതല നൽകിയിട്ടുമുണ്ട്. അതുപോലെ ഫണ്ട് കിട്ടുന്നില്ലെന്ന് പറഞ്ഞു; അതൊക്കെ പ്രായോഗികമായി എടുക്കുന്ന സമീപനങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ ശരിയാണെങ്കിലും ഫണ്ട് കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടുണ്ട്, അതിൽ വീഴ്ച സംഭവിക്കില്ല. സ്വാഭാവികമായും അതിനാവശ്യമായ നടപടിക്രമങ്ങൾ തുടർന്നുവരുന്നുണ്ട്. റോഡ് പൊളിച്ചിട്ടിരിക്കുന്നതുമൂലം എവിടെയെങ്കിലും പൂർണ്ണമായും ബുദ്ധിമുട്ട് നേരിടുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കാവശ്യമായ നിർദേശം കൊടുത്തുകൊണ്ട് പ്രവൃത്തി ചെയ്യിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കാം.

(6) കേരള അക്കാദമി ഓഫ് സ്കിൽസ് എക്സലൻസിന്റെ പ്രവർത്തന വിപുലീകരണം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനം വൈജ്ഞാനിക സമൂഹമായി മാറുകയാണ്. അതിനനുസൃതമായി നൈപുണ്യ വികസന രംഗത്തും ഫലപ്രദമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) അതിനനുസൃതമായി പ്രവൃത്തനങ്ങൾ ശക്തിപ്പെടുത്തി രൂപപ്പെടുത്തണം. രാജ്യത്തും ലോകത്തും ആവശ്യമുള്ള തൊഴിൽ സാധ്യതകൾ മനസ്സിലാക്കി നമ്മുടെ യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിന് നൈപുണ്യ വികസനം സാധ്യമാകത്തക്ക നിലയിലുള്ള പരിശീലന പദ്ധതികളാണ് ആവിഷ്കരിക്കേണ്ടത്. സ്കൂൾ-കോളേജ് തലങ്ങളിൽ നൈപുണ്യ പരിശീലനം പ്രധാനമാണ്. വിദേശ ഭാഷാ പഠനവും സാധ്യമാക്കണം. ഇക്കാര്യത്തിൽ സർക്കാർ വ്യക്തമായ പരിപാടികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE-ന്റെ നേതൃത്വത്തിൽ നൈപുണ്യ വികസനത്തിനായി ഒട്ടേറെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി നൈപുണ്യ പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, യോഗ്യരായ നൈപുണ്യ പരിശീലകരുടെ ലഭ്യത, വിവിധ മേഖലകൾക്കാവശ്യമായ നൈപുണ്യ പരിശീലന കോഴ്സുകളുടെ ലഭ്യത എന്നിവ സംബന്ധിച്ചുള്ള ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്ന മികച്ച കമ്പനികളുടെ ശ്രദ്ധ ആകർഷിക്കുന്നതിനായി 2025 ഏപ്രിൽ മാസം നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് നാഷണൽ സ്കിൽ കോൺക്ലേവ് സംഘടിപ്പിക്കുന്നതാണ്. സംസ്ഥാനത്തുനിന്നും ഐ.ടി.ഐ., പോളിടെക്നിക്, എഞ്ചിനീയറിംഗ് എന്നീ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ജർമ്മൻ റെയിൽവേ റെയിൽ മേഖലയിൽ ജോലി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ജർമ്മൻ റെയിൽ കമ്പനിയുമായുള്ള കരാർ

ഒപ്പിടുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. രാജ്യത്ത് ആദ്യമായി കൊച്ചി മെട്രോ റെയിൽ, സംസ്ഥാന നൈപുണ്യ വികസന മിഷൻ, നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.എസ്.ഡി.സി.) എന്നിവരുമായി സഹകരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെട്രോ ആൻഡ് റെയിൽ ടെക്നോളജി എന്ന ദേശീയ പരിശീലന സ്ഥാപനം ആരംഭിക്കുന്നതിന് ധാരണയായിട്ടുണ്ട്. കൊച്ചി മെട്രോയുടെ മുട്ടം മെയിന്റനൻസ് യാർഡിൽ ഒന്നാംഘട്ടവും KASE-ന്റെ അങ്കമാലി ഇൻകൽ ടവറിലുള്ള ക്യാംപസിൽ 35000 സ്ക്വയർ ഫീറ്റ് സ്ഥലത്ത് രണ്ടാംഘട്ടവും സ്ഥാപിക്കുന്നതിനാണ് ധാരണയായിട്ടുള്ളത്. രണ്ടാംഘട്ട പരിശീലന കേന്ദ്രത്തിന്റെ മുതൽമുടക്കിന് കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.എസ്.ഡി.സി.-യുടെ ഉന്നതാധികാര സമിതി അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഐ.ടി.ഐ., പോളിടെക്നിക് വിദ്യാലയങ്ങളിലെ അവസാന വർഷ വിദ്യാർത്ഥികൾക്ക് ജർമ്മനിയിൽ പ്രതിമാസം 1500 യൂറോ സ്റ്റൈപ്പന്റോടെ തൊഴിലധിഷ്ഠിത തുടർവിദ്യാഭ്യാസത്തിനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 14 ഐ.ടി.ഐ., 14 പോളിടെക്നിക് വിദ്യാലയങ്ങളിൽ നിന്നുള്ള തൽപരരായ വിദ്യാർത്ഥികൾക്ക്

ജർമ്മൻ ഭാഷാ പരിശീലനം നൽകുന്നതിനും 2025 ഏപ്രിൽ മാസം ഏഴ് മുതൽ പന്ത്രണ്ട് വരെ അഞ്ച് ദിവസങ്ങളിലായി ജർമ്മനിയിൽനിന്നുള്ള 200-ഓളം കമ്പനികളിൽ ഓൺലൈനായി പങ്കെടുക്കുന്ന വിദേശ തൊഴിലധിഷ്ഠിത തുടർവിദ്യാഭ്യാസ മേള സംഘടിപ്പിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായി ചേർന്ന് സംസ്ഥാനത്തെ എറണാകുളം ജില്ലയിൽ അങ്കമാലിയിലും തിരുവനന്തപുരത്തും ഓരോ മാതൃകാ ബഹുഭാഷാ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ധാരണയായിട്ടുണ്ട്. ഈ രണ്ട് കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള മുതൽമുടക്ക് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വഹിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 22 വയസ്സിന് താഴെയുള്ള വിദ്യാർഥികളുടെയിടയിൽ വിവിധ തൊഴിൽ മേഖലകളെ സംബന്ധിച്ച് അവബോധം വളർത്തുന്നതിനും അത്തരം മേഖലകളിൽ തൊഴിൽ വൈദഗ്ധ്യം ആർജ്ജിക്കുവാൻ സഹായിക്കുന്നതിനും സംസ്ഥാന സ്കൂൾ യുവജനോത്സവ മാതൃകയിൽ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി അടുത്ത അധ്യയന വർഷം

മുതൽ നൈപുണ്യോത്സവം നടത്തുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ നൈപുണ്യ പരിശീലന പദ്ധതികളെയും അവസരങ്ങളെയും മറ്റ് അനുബന്ധ മേഖലകളെയും സംബന്ധിച്ചുള്ള സമ്പൂർണ്ണ വിവരം ലഭ്യമാക്കുന്നതിനായി ഒരു ഏകജാലക സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജില്ലാതലത്തിൽ ലഭ്യമായിട്ടുള്ള നൈപുണ്യ പരിശീലന അടിസ്ഥാന സൗകര്യങ്ങളും കോഴ്സുകളും വിഭവശേഷികളും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് പൊതു-സ്വകാര്യ നൈപുണ്യ പരിശീലന സ്ഥാപനങ്ങളെയും ഏജൻസികളെയും ഉൾപ്പെടുത്തി ജില്ലാ നൈപുണ്യ വികസന പദ്ധതി തയ്യാറാക്കി ജില്ലാ തലത്തിൽ നൈപുണ്യ പരിശീലനം ഏകോപിപ്പിച്ച് വിപുലപ്പെടുത്തിവരുന്നു. നൈപുണ്യ പരിശീലനം പൂർത്തീകരിച്ച് മികച്ച തൊഴിൽ വൈദഗ്ദ്ധ്യം കൈവരിച്ച അധിക മാനവശേഷി ഫലപ്രദമായി വികസിപ്പിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. മികച്ച ദേശീയ-അന്തർദേശീയ അവസരങ്ങൾ സംസ്ഥാനത്തെ ഉദ്യോഗാർത്ഥികൾക്കായി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ KASE മുഖേന നടത്തിവരുന്നു. സംസ്ഥാനത്തുനിന്നും

അനധികൃത കുടിയേറ്റം തടയുന്നതിനും അഭ്യസ്തവിദ്യർക്ക് വിവിധ രാജ്യങ്ങളിൽ മികച്ച വരുമാനമുള്ള മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുന്നതിനും സഹായിക്കുന്നതിനുള്ള സ്കിൽ ടെസ്റ്റ്, സ്കിൽ വെരിഫിക്കേഷൻ, കൺട്രിവൈസ് മൈഗ്രേഷൻ ടൂൾകിറ്റ് തുടങ്ങിയവ ഉൾക്കൊണ്ടുകൊണ്ടുള്ള സന്നദ്ധ പദ്ധതി നടപ്പിലാക്കും.

(7) കായിക മേളയിൽ പങ്കെടുക്കുന്നതിന് സ്കൂളുകൾക്ക് ഏർപ്പെടുത്തിയ വിലക്ക്

ശ്രീ. ആന്റണി ജോൺ: സർ, കഴിഞ്ഞ സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപനവേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് സംബന്ധിച്ച ചില തർക്കങ്ങളും വിവാദങ്ങളും നടന്നതിനെത്തുടർന്ന് കോതമംഗലം മാർബേസിൽ സ്കൂളിനും തിരുനാവായ നാവാമുകുന്ദ സ്കൂളിനും എതിരായി സ്വീകരിച്ച നടപടി പിൻവലിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്. രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് ഒരു സംസ്ഥാന സ്കൂൾ കായികമേള ഒളിമ്പിക്സ് മാതൃകയിൽ കഴിഞ്ഞ നവംബറിൽ നടത്തിയത്. എറണാകുളം ജില്ലയിൽ 17 വേദികളിലായി ഏറ്റവും ശ്രദ്ധേയമായ മേള എന്നുള്ള നിലയിൽ കായികമേള സംഘടിപ്പിക്കാൻ കഴിഞ്ഞു. അതിൽ സ്വിമ്മിംഗ്, വാട്ടർപോളോ

മത്സരങ്ങൾ നടന്നത് എന്റെ മണ്ഡലത്തിലെ കോതമംഗലം എം.എ. കോളേജിലായിരുന്നു. ആദ്യമായി ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിച്ച മേള എന്നുള്ള നിലയിൽ ബഹുമാനപ്പെട്ട മന്ത്രി ദിവസങ്ങളോളം അവിടെ ക്യാമ്പ് ചെയ്തുകൊണ്ട് പ്രവർത്തിച്ചു. 25000-ത്തിലേറെ കുട്ടികൾ അതിൽ പങ്കെടുത്തു. സവിശേഷ കഴിവുള്ള കുട്ടികൾക്കായി ഇൻക്ലൂസീവ് സ്പോർട്ട്സടക്കം ഉൾപ്പെടുത്തിയാണ് മനോഹരമായ മേള അവിടെ നടത്തിയത്. സംഘാടനമികവും കുട്ടികളുടെ പങ്കാളിത്തവും മികച്ച പ്രകടനവും കൊണ്ട് ആ മേള കൗമാര കരുത്തിന്റെ വലിയ ശക്തി പ്രകടനമായി. ഒരു ചരിത്ര സംഭവമാക്കി ആ മേളയെ മാറ്റുന്നതിൽ നേതൃത്വപരമായ പങ്കുവഹിച്ച ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയെയും വകുപ്പിനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. അങ്ങനെ ഒരു മേള നടത്തി അതിന്റെ സമാപനവേളയിലെത്തിയപ്പോൾ സ്കൂൾ ഓവറോൾ ചാമ്പ്യൻഷിപ്പ് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കോതമംഗലം മാർബേസിൽ, തിരുനാവായ നാവാമുകുന്ദ സ്കൂളുകളിലെ കുട്ടികൾ തമ്മിൽ ചില തർക്കങ്ങളുണ്ടായി. കുട്ടികളുടെ പെട്ടെന്നുള്ളൊരു വൈകാരിക പ്രകടനമാണത്. മഞ്ഞും വെയിലും കടുത്ത

ചൂടുമൊക്കെ അവഗണിച്ചുകൊണ്ട് കഠിനമായി പരിശീലനം നടത്തിയാണ് കുട്ടികൾ ഈ സംസ്ഥാന സ്കൂൾ മേളയിലേക്ക് എത്തുന്നത്. അങ്ങനെയുള്ള കുട്ടികൾക്ക് പെട്ടെന്നുണ്ടായ ഒരു വൈകാരിക പ്രകടനം എന്നുള്ള നിലയിൽ മാത്രമേ അതിനെ നമുക്ക് കാണാൻ കഴിയുകയുള്ളൂ. അതുമായി ബന്ധപ്പെട്ടുകൊണ്ട് ഈ രണ്ട് സ്കൂളുകളിലെയും അധ്യാപകരും സ്കൂൾ മാനേജ്മെന്റുമൊക്കെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി സംസാരിക്കുകയും രേഖാമൂലം കത്ത് കൊടുക്കുകയും ചെയ്തു എന്നുതന്നെയാണ് ഞാൻ മനസ്സിലാക്കുന്നത്. അപ്പോൾ ആ നിലയിൽ കൃത്യമായി ഇടപെടുന്നുണ്ട്. നല്ല നിലയിൽ തന്നെ നമുക്ക് കുട്ടികളെ പറഞ്ഞ് മനസ്സിലാക്കാനും ഇതിനോടകം സാധിച്ചിട്ടുണ്ട്. കായിക കേരളത്തിന്റെ തലസ്ഥാനം എന്നറിയപ്പെടുന്ന പ്രദേശമാണ് കോതമംഗലം. ഏതാണ്ട് 89 വർഷത്തെ മഹത്തായ പ്രവർത്തന പാരമ്പര്യവുമുണ്ട്. ഇന്ന് എന്റെ നാടിന്റെ വിദ്യാഭ്യാസ-സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക പുരോഗതിയിലൊക്കെ ഏറ്റവും വലിയ പങ്ക് വഹിച്ച ഒരു വിദ്യാലയമാണത്. കായിക മേഖലയ്ക്ക് വലിയ സാമ്പത്തിക പ്രതിസന്ധി ഉള്ളപ്പോഴും കഴിഞ്ഞ 25 വർഷക്കാലത്തിലേറെയായി കുട്ടികൾക്ക്

സൗജന്യമായി കായിക പരിശീലനം കൊടുക്കുകയും 7 വർഷം തുടർച്ചയായി ചാമ്പ്യൻഷിപ്പ് പട്ടം നേടിയിട്ടുള്ള സ്കൂൾ കൂടിയാണത്. പ്രിയപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്ക് കുട്ടികളോട് വലിയ സ്നേഹവും കരുതലുമാണുള്ളത്. അതുകൊണ്ട് അവർ കാണിച്ച തെറ്റ് ക്ഷമിക്കണം. ഞങ്ങൾ വെറുതെ അധ്വാനിച്ചിട്ട് അടുത്ത മീറ്റിൽ പങ്കെടുക്കാൻ കഴിയുമോയെന്ന ആശങ്കയിലാണ് കുട്ടികൾ. ഞങ്ങളുടെ കാര്യങ്ങൾ എന്തായി എന്ന് ചോദിച്ചുകൊണ്ട് കുട്ടികൾ വലിയ തോതിൽ വ്യാകുലപ്പെടുന്നുണ്ട്. ആ ഒരു സാഹചര്യം മനസ്സിലാക്കികൊണ്ട് ഈ രണ്ട് സ്കൂളുകൾക്കും എതിരായി എടുത്തിട്ടുള്ള നടപടി അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇതുസംബന്ധിച്ച് പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഉത്തരവിറക്കുന്നതിന് വേഗത്തിൽ നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, നവംബർ മാസം 8 മുതൽ 11 വരെ ഒളിമ്പിക്സ് മാതൃകയിൽ ആദ്യമായി കേരളത്തിൽ നടന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപനചടങ്ങിനോടനുബന്ധിച്ചുണ്ടായ അനിഷ്ട സംഭവങ്ങളെ സംബന്ധിച്ച്

ബഹുമാനപ്പെട്ട ശ്രീ. ആന്റണി ജോൺ വിശദമായി ഇവിടെ സൂചിപ്പിച്ചു. ഭിന്നശേഷി വിദ്യാർഥികളെയും സാധാരണഗതിയിലുള്ള വിദ്യാർഥികളെയും ഒരുമിച്ച് ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് ഒരു മേള നടത്തുന്നത് ഇന്ത്യയിൽതന്നെ ആദ്യമായാണ്. മറ്റൊരുകാര്യം എസ്.എസ്.എൽ.സി പരീക്ഷ സംബന്ധിച്ചാണ്. ഗൾഫുരാജ്യങ്ങളിൽ നമുക്ക് നിയന്ത്രണങ്ങളുള്ള എട്ടോളം സ്കൂളുകളിൽ എസ്.എസ്.എൽ.സി പരീക്ഷ നടത്തുന്നുണ്ട്. ഗൾഫുരാജ്യങ്ങളിൽനിന്നും ഏകദേശം നൂറ്റിഅൻപതോളം കായിക താരങ്ങൾ ഈ മേളയിൽ പങ്കെടുത്തിട്ടുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചപോലെ മേളയുടെ സമാപനദിവസം ചില അനിഷ്ട സംഭവങ്ങളുണ്ടായി. ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും നിശ്ചയിക്കുന്നതിൽ വന്നൊരു തർക്കമാണത്. ആ തർക്കം പരിഹരിക്കുന്നതിന് ധാരാളം മാർഗങ്ങളുണ്ടായിരുന്നു. എന്നാൽ നാവാമുകുന്ദ സ്കൂളിന്റെയും കോതമംഗലം മാർബേസിൽ സ്കൂളിന്റെയും അധ്യാപകർ മുൻകൈയെടുത്തുകൊണ്ട് സമാപനചടങ്ങിനെ അലങ്കോലപ്പെടുത്തുകയുണ്ടായി. ടി സാഹചര്യത്തിൽ ഒരു അന്വേഷണ കമ്മീഷനെ രൂപീകരിച്ചു. ആ കമ്മീഷന്റെ തീരുമാനപ്രകാരമാണ് അടുത്ത സ്പോർട്സ് മീറ്റിൽ പ്രസ്തുത രണ്ടു

സ്കൂളിനെയും പങ്കെടുപ്പിക്കില്ലെന്ന് അറിയിച്ചത്. നടന്ന അനിഷ്ട സംഭവങ്ങളിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് രണ്ടു സ്കൂളുകളുടെയും മാനേജ്മെന്റുകൾ കത്ത് നൽകിയിട്ടുണ്ട്. മേലിൽ ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാമെന്ന് ആ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ ഇടപെടുകയും ദേശീയ മത്സരത്തിലടക്കം പങ്കെടുക്കേണ്ട കായിക വിദ്യാർഥികളെ ദോഷകരമായി ബാധിക്കുന്ന ഒരു നടപടിയുമുണ്ടാകാൻ പാടില്ലെന്നുള്ള നിലയിൽ നിർദേശം നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട സ്പീക്കർ, പ്രതിപക്ഷ നേതാവ്, കായിക വകുപ്പുമന്ത്രി, ആന്റണി ജോൺ എം.എൽ.എ., കുറുക്കോളി മൊയ്തീൻ എം.എൽ.എ., അഡ്വ. ഡീൻ കുര്യാക്കോസ് എം.പി എന്നിവരും കെ.എസ്.ടി.എ., പി.ജി.ടി.എ., ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ., കെ.എസ്.യു. എന്നീ സംഘടനകളും കുട്ടികളുടെ ഭാവിയെ ബാധിക്കാത്ത നിലയിലുള്ള നടപടികൾ സ്വീകരിക്കണമെന്ന് എന്നോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2025-26-ൽ നടക്കുന്ന സ്കൂൾ കായികമേളയിൽ പങ്കെടുക്കുന്നതിൽ വിലക്ക് കല്പിച്ചുകൊണ്ട് 02-01-2025-ന് പൊതുവിദ്യാഭ്യാസ

ഡയറക്ടർ പുറത്തിറക്കിയ ഉത്തരവിനെ പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ് ഒരാഴ്ചക്കകം പുറപ്പെടുവിക്കുന്നതാണ്. എന്നാൽ അന്വേഷണ കമ്മീഷൻ സൂചിപ്പിച്ചിട്ടുള്ള ഈ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ അധ്യാപകർ, അവർക്കുണ്ടായ വീഴ്ചയെ സംബന്ധിച്ച് രേഖാമൂലം ഒരു അപേക്ഷയും നൽകിയിട്ടില്ല. അന്വേഷണ കമ്മീഷന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലും നാവാമുകുന്ദ സ്കൂളിന്റെയും മാർ ബേസിൽ സ്കൂളിന്റെയും അപേക്ഷയുടെ അടിസ്ഥാനത്തിലും അധ്യാപകരുടെ വീഴ്ച പരിശോധിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പ്രിൻസിപ്പൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലാവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(8) <u>സ്കൂൾ തലത്തിൽ നീന്തൽ പരിശീലനം ആരംഭിക്കാനും ഗ്രേസ് മാർക്ക് പുന:സ്ഥാപിക്കാനും നടപടി</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, വിദ്യാഭ്യാസംകൊണ്ട് ഒരു വ്യക്തിയുടെ സാർവത്രിക വികാസവും ഉന്നമനവുമാണ് ഉദ്ദേശിക്കുന്നത്. ജീവൻരക്ഷയുമായി ബന്ധപ്പെട്ട് ഒരു കുട്ടി ആർജിക്കുന്ന ശേഷികളിൽ വളരെ വിലപ്പെട്ടതാണ് നീന്തൽ പരിശീലനം. പീച്ചി റിസർവോയറിൽ മൂന്ന് കുട്ടികൾ

മരണപ്പെട്ടതടക്കമുള്ള ഒട്ടനവധി അപകടങ്ങളാണ് ഈ കാലയളവിലുണ്ടായിട്ടുള്ളത്. മുൻവർഷങ്ങളിൽ സ്കൂൾ തലത്തിൽ ഗ്രേസ് മാർക്കും പ്ലസ് വണ്ണിന് വെയിറ്റേജും നീന്തൽ അറിയാവുന്ന വിദ്യാർഥികൾക്ക് ലഭിച്ചിരുന്നു. ഇതുമൂലം നാട്ടിലെ കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും നീന്തൽ പരിശീലനത്തിനായി ഉപയോഗിക്കുകയും ഒട്ടനവധി വിദ്യാർഥികൾ നീന്തൽ പരിശീലനം നേടുകയും ചെയ്തു. നീന്തലിന്റെ അടിസ്ഥാനത്തിൽ പഠിക്കുന്ന സാഹചര്യംപോലും പല സ്കൂളുകളിലും ഉണ്ടായിരുന്നുയെന്നുള്ളതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒറ്റപ്പെട്ട ചില സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രേസ്മാർക്കും വെയിറ്റേജും പിൻവലിച്ചതായി ഇപ്പോൾ അറിയുന്നു. അതുകൊണ്ടുതന്നെ പഴയപോലെ നീന്തൽ പരിശീലനം കുട്ടികൾക്ക് ലഭ്യമാകുന്നില്ല. അധ്യാപകരും രക്ഷിതാക്കളും വേണ്ടത്ര രീതിയിൽ താൽപര്യമെടുക്കുന്നില്ല. ഈ സ്ഥിതി വിലയിരുത്തി ഏറ്റവും പ്രധാനപ്പെട്ട വ്യായാമങ്ങളിലൊന്നും ആവശ്യമായ ഘട്ടങ്ങളിൽ ജീവൻരക്ഷാ ഉപാധിയുമായ നീന്തലിൽ പരിശീലനം നൽകാനും പരിശീലകൻ അടക്കമുള്ള പ്രായോഗിക ബോധന മാർഗങ്ങൾ പാഠ്യപദ്ധതിയിലുൾപ്പെടുത്താനും കുട്ടികൾക്ക്

നൽകിയിരുന്ന ഗ്രേസ്മാർക്ക് പുന:സ്ഥാപിക്കാനുമുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസത്തിലൂടെ വിദ്യാർഥികളുടെ സമഗ്രമായ വികാസമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമാക്കുന്നത്. ഇതിന്റെ ഭാഗമായി വിദ്യാർഥികളുടെ ജീവിത നൈപുണ്യമായ നീന്തൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കി മാറ്റിക്കൊണ്ട് ഇതിനായി ആക്റ്റിവിറ്റി ബുക്ക്, ടെക്സ്റ്റ് ബുക്ക് എന്നിവ സജ്ജമാക്കിയിട്ടുണ്ട്. എന്നാലും നീന്തൽ എന്നുപറയുന്ന നൈപുണ്യം പ്രായോഗികതലത്തിൽ എത്തുന്നതിന് ആവശ്യംവേണ്ട നീന്തൽ കുളങ്ങളുടെ ലഭ്യതക്കുറവ് സംസ്ഥാനത്ത് നിലവിലുണ്ട്. നീന്തൽക്കുളങ്ങൾ മറ്റു കളിസ്ഥലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിർമ്മാണച്ചെലവിനെക്കാൾ ഏറെ വരുന്നത് അവയുടെ പരിപാലനമാണ്. എന്നാൽ വിദ്യാർഥികൾക്കാവശ്യംവേണ്ട ജീവിത നൈപുണ്യം എത്തിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും കായിക വകുപ്പിന്റെയും കൂട്ടായ പ്രവർത്തനത്തോടൊപ്പം സന്നദ്ധ സംഘടനകളുടെ

സഹായവും ആവശ്യമാണ്. നേമം നിയോജകമണ്ഡലത്തിൽ ലോകാരോഗ്യ സംഘടനയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തി പ്രൈമറിതലം മുതൽ വിദ്യാർഥികൾക്ക് നീന്തൽ പഠിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി ആവിഷ്കരിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. 2022-23 അധ്യയന വർഷം വരെ പ്ലസ് വണ്ണിൽ പ്രവേശനം നേടുന്ന നീന്തൽ അറിയാവുന്ന വിദ്യാർഥികൾക്ക് സ്പോർട്സ് കൗൺസിൽ മുഖാന്തരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നപക്ഷം അഡ്മിഷന് ഗ്രേസ് മാർക്കായി രണ്ടുമാർക്ക് നൽകുമായിരുന്നു. എന്നാൽ നീന്തൽ അറിയാത്ത വിദ്യാർഥികൾക്കും ഇത്തരത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതുസംബന്ധിച്ച് വിവിധ തലങ്ങളിൽനിന്നും ഉയർന്നുവന്ന പരാതിയുടെ അടിസ്ഥാനത്തിൽ നിലവിൽ ഇത്തരത്തിലൊരു മാർക്ക് ഇപ്പോൾ നൽകുന്നില്ല. നീന്തൽ അറിയാവുന്ന, യഥാർത്ഥ സർട്ടിഫിക്കറ്റുള്ള വിദ്യാർഥികൾക്ക് ഗ്രേസ്മാർക്ക് നൽകുന്നത് സംബന്ധിച്ച്

ഒരു പുനരാലോചന നടത്തുന്നതിന് ഗവൺമെന്റ് തയ്യാറാണെന്നുള്ള കാര്യം അങ്ങയെ അറിയിക്കുകയാണ്.

(9) പനമ്പിലാവ് പാലം പുനർനിർമ്മാണം

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഊർങ്ങാട്ടിരി പഞ്ചായത്തിൽ, മലയോര മേഖലയിലുള്ള പനമ്പിലാവ്-തോട്ടുമുക്കം മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് നിർമ്മിച്ചിട്ടുള്ള പനമ്പിലാവ് പാലം വളരെ ശോചനീയാവസ്ഥയിലാണ്. കൈവരികളില്ലാത്ത അപകടാവസ്ഥയിലുള്ള ഈ പാലത്തിലൂടെ കഷ്ടിച്ച് ഒരു ലോറിക്ക് കടന്നുപോകാമെന്നുള്ള പരിതാപകരമായ സ്ഥിതിയാണുള്ളത്. പ്രസ്തുത പാലം നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി (ബ്രിഡ്ജസ്) സെക്ഷൻ അഞ്ചുകോടി എൺപത് ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഏകദേശം അഞ്ച് വർഷമായി ബഡ്ജറ്റിൽ പ്രൊപ്പോസൽ നൽകുന്നുണ്ടെങ്കിലും വേണ്ടത്ര ഫണ്ട് ലഭ്യമാകാത്തതിനാൽ ഇതുവരെ തുടർനടപടികളുണ്ടായിട്ടില്ല. അതിനാൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക

താൽപര്യമെടുത്ത് പനമ്പിലാവ് പാലം പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാന്യനായ ശ്രീ. പി. കെ. ബഷീർ ഉന്നയിച്ച വിഷയം അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിലെ പനമ്പിലാവ് പാലം പുനർനിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. നേരത്തെ നബാർഡ് ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട്)-ൽ പ്രസ്തുത പാലം നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ അന്ന് പദ്ധതിക്ക് അനുമതി ലഭിച്ചിരുന്നില്ല. ബജറ്റ് വിഹിതമില്ലാത്തതിനാൽ പുനർനിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കാത്ത സ്ഥിതിവന്നു. ബജറ്റ് പ്രൊവിഷൻ അനുസരിച്ചോ സാമ്പത്തിക നിലയ്ക്ക് അനുസൃതമായോ ഇത് സാധ്യമാകുമോയെന്ന് പരിശോധിക്കാവുന്നതാണ്. 2021-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പാലങ്ങളെ പ്രത്യേകം പരിഗണിച്ചുകൊണ്ട് പാലം പദ്ധതികൾ നടപ്പിലാക്കാൻ പ്രത്യേക സംവിധാനമൊരുക്കാൻ തീരുമാനിച്ചു. ഭരണാനുമതി ലഭിക്കേണ്ട പാലങ്ങൾ, ഭരണാനുമതിക്കുശേഷം സാങ്കേതിക

അനുമതി ലഭിക്കേണ്ട പാലങ്ങൾ, സാങ്കേതിക അനുമതി ലഭിച്ചതിനെത്തുടർന്ന് പ്രവർത്തനത്തിലേക്കെത്തേണ്ട പാലങ്ങൾ, പ്രവർത്തനം ആരംഭിച്ച് മെല്ലെപ്പോകുന്ന പാലങ്ങൾ എന്നിവ പരിശോധിക്കാൻ സമയബന്ധിതമായ സംവിധാനമൊരുക്കി. അഞ്ചുവർഷംകൊണ്ട് നൂറുപാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കാനാണ് ഞങ്ങൾ ആദ്യം പ്ലാൻ ചെയ്തതെങ്കിലും പാലങ്ങളുടെ കാര്യത്തിൽ സെഞ്ച്വറി അടിക്കാൻ മൂന്നരവർഷംകൊണ്ട് സർക്കാരിനു സാധിച്ചുവെന്ന വിവരം സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(10) വടകര-വില്യാപ്പള്ളി ചേലക്കാട് റോഡ് നിർമ്മാണം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ദേശീയപാത-66 വടകരനിന്നും വയനാട്ടിലേയ്ക്കുള്ള പ്രധാനപ്പെട്ട റോഡാണ് വടകര-വില്യാപ്പള്ളി ചേലക്കാട് റോഡ്. 15.98 കി.മീ. ദൈർഘ്യമുള്ള ഈ റോഡ് വടകര, കുറ്റ്യാടി, നാദാപുരം മണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നത്. വടകര മുനിസിപ്പാലിറ്റി, വില്യാപ്പള്ളി, ആയഞ്ചേരി, പുറമേരി എന്നിവ നാദാപുരം പഞ്ചായത്തുകളിലെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ്. 1933-ൽ ബ്രിട്ടീഷുകാരുടെ ഭരണകാലത്താണ് വയനാട്ടിലേയ്ക്കെത്താൻ വടകരയിൽനിന്നുള്ള ഏറ്റവും അടുത്തവഴി എന്നുള്ള

രൂപത്തിൽ റോഡിനാവശ്യമായ ഭൂമി ഏറ്റെടുത്തത്. പക്ഷേ കഴിഞ്ഞ 15 വർഷമായി കുണ്ടുംകുഴിയും നികത്തിയാണ് മുന്നോട്ടു പോകുന്നത് എന്നതാണ് വസ്തുത. 2017-18-ലെ ബജറ്റിൽ പ്രവൃത്തി ഉൾപ്പെടുത്തുകയും 12 മീറ്റർ ഫ്രീ സറണ്ടർ എന്ന വ്യവസ്ഥയിൽ 58 കോടി രൂപ കിഫ്ബി അനുവദിക്കുകയും ചെയ്തു. പക്ഷേ ഭൂവുടമകളിൽനിന്നും സമ്മതപത്രം വാങ്ങുന്ന പ്രവർത്തനം അന്ന് ആരംഭിച്ചില്ല. ഈ സർക്കാർ അധികാരത്തിൽവന്നശേഷം 2021-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ഭൂവുടമകളിൽനിന്നും സറണ്ടർപത്രം വാങ്ങിച്ചിട്ടുണ്ട്. എൺപത് ശതമാനത്തിലധികം അനുമതിപത്രം കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അതിനോടൊപ്പം റോഡിലെ കൈയേറ്റങ്ങൾ മാർക്ക് ചെയ്തിട്ടുണ്ട്. ആ സ്ഥലത്ത് എസ്.പി.വി.-ആയ കെ.ആർ.എഫ്.ബി അടിയന്തരമായി സർവെ കല്ലുകൾ നാട്ടാനുള്ള നിർദേശം നൽകണമെന്ന് അഭ്യർഥിക്കുകയാണ്. അതോടൊപ്പം പുതുക്കിയ ഡി.പി.ആർ അംഗീകരിച്ചിട്ടുണ്ട്. അത് 79.1 കോടി രൂപയാണ്. പൊളിക്കുന്ന മതിലുകൾ നിർമ്മിക്കാനും ജീവനോപാധികൾ നിലനിർത്താനുമുള്ള നിർദേശങ്ങൾ അതിലുണ്ട്. അതുകൊണ്ട് വടകരയിൽനിന്നും കിഴക്കൻ മലയോര

മേഖലകളിലേയ്ക്ക് പോകുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡ് എന്ന നിലയിൽ എത്രയും വേഗം ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കണമെന്ന് വിനയപൂർവം ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട റോഡിന്റെ കാര്യമാണ് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡിന്റെ വികസനത്തിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 58 കോടി 30 ലക്ഷം രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ഫ്രീ സറണ്ടർ വ്യവസ്ഥയിൽ സ്ഥലം ലഭ്യമാക്കി നടത്താനാണ് നിശ്ചയിച്ചിരുന്നത്. 15.5 കിലോമീറ്റർ വരുന്ന ഈ റോഡിന്റെ ചെയിൻ 5/700 മുതൽ 14/184 വരെ full depth reclamation സാങ്കേതികവിദ്യയിലും ബാക്കി ഭാഗം BM&BC നിലവാരത്തിലും വികസിപ്പിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതനുസരിച്ച് തയ്യാറാക്കിയ 79 കോടി 11 ലക്ഷം രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി

ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദേശം കിഫ്ബിക്ക് സമർപ്പിക്കുകയും ഉപാധികളോടുകൂടി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കിഫ്ബി നിർദേശിച്ച മാറ്റങ്ങൾ വരുത്തി എസ്റ്റിമേറ്റ് പുനർ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഇത് അടിയന്തരമായി സമർപ്പിക്കാൻ KRFB-PMU പ്രോജക്ട് ഡയറക്ടർക്ക് ഇതിനകം നിർദേശം നൽകിയിട്ടുണ്ട്.

(11) കീഴില്ലം - പാണിയേലിപ്പോരു റോഡ് നിർമ്മാണം പൂർത്തീകരിക്കൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ എന്റെ മണ്ഡലമായ പെരുമ്പാവൂരിലെ കീഴില്ലം - പാണിയേലിപ്പോരു റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് എന്റെ സബ്മിഷൻ. രായമംഗലം, മുടക്കുഴ, വേങ്ങൂർ എന്നീ മൂന്ന് പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡാണ്. രണ്ട് പഞ്ചായത്തുകളിലായി ഒട്ടേറെ വ്യവസായസ്ഥാപനങ്ങളുണ്ട്. ആയിരത്തിലധികം തടി വ്യവസായ യൂണിറ്റുകളുള്ള സ്ഥലമായതുകൊണ്ട് ഒട്ടേറെ ഭാരവണ്ടികൾ പോകുന്ന വഴിയായതുകൊണ്ട് ചെറിയ മെയിന്റനൻസ്

കൊണ്ട് വഴി നിൽക്കുന്ന സാഹചര്യമില്ല. ഇന്ത്യയിലെ ഏറ്റവും വലിയ എക്കോ ടൂറിസ്റ്റ് കേന്ദ്രമാണ് പാണിയേലിപ്പോരു. ഇത് ഒട്ടേറെ ടൂറിസ്റ്റുകൾ വരുന്ന പ്രദേശം കൂടിയാണ്. പക്ഷേ വഴി വളരെ മോശമാണ്. 2017-18-ൽ കിഫ്ബിയിൽ അനുമതി നൽകിയിട്ടുള്ള പ്രോജക്ടാണ്. ആദ്യത്തെ തവണ ഇതിന് 18.5 മീറ്റർ വീതിയാക്കണമെന്ന് പ്രൊപ്പോസൽ വന്നു. പിന്നീടത് 13.6 മീറ്റർ വീതിയാണെന്ന് മനസ്സിലാക്കി. ആറുവർഷമായി നടക്കാത്ത സാഹചര്യമുണ്ടായപ്പോൾ 13-08-2024-ൽ ഞാൻ തന്നെ കിഫ്ബിയിലൊരു മീറ്റിംഗ് വിളിച്ചുകൂട്ടി. ആ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു. ഇത് നിലവിലുള്ള വീതിയിൽ BM&BC നിലവാരത്തിൽ ടാറിംഗ് ചെയ്താൽ മതിയെന്ന തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ പണം അനുവദിക്കാമെന്ന് സമ്മതിച്ചതാണ്. അതിനുശേഷം 25.6 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. നാളിതുവരെയായിട്ടും ആ പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ അങ്ങയുടെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാന്യനായ എൽദോസ് പി. കുന്നപ്പിള്ളിൽ ഇവിടെ ഉന്നയിച്ച വിഷയം അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പുല്ലുവഴി - പാണിയേലിപോര് റോഡ് പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മൂന്ന് റീച്ചുകളിലായാണ് പ്രവൃത്തി നടത്താൻ തീരുമാനിച്ചിരുന്നത്. പ്രവൃത്തി സംബന്ധിച്ച് നേരത്തെ ചില തീരുമാനങ്ങളെടുത്തിരുന്നെങ്കിലും സ്ഥലമേറ്റെടുക്കൽ വൈകുന്നതിനാൽ BM&BC നിലവാരത്തിൽ നിലവിലെ റോഡ് നവീകരിക്കണമെന്ന നിർദേശം ഉയർന്നുവന്നിട്ടുണ്ട്. ഇതേ തുടർന്ന് BM&BC നിലവാരത്തിലേയ്ക്കുയർത്താനുള്ള പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നതിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കിഫ്ബിയുമായി സംസാരിക്കാൻ KRFB-PMU പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്താം. BM&BC റോഡ് നിർമ്മാണമാണ് ഇന്ന് നമ്മുടെ രാജ്യത്ത് ഏറ്റവും ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്താവുന്ന റോഡ് നിർമ്മാണ രീതി. ചിപ്പിംഗ് കാർപ്പെറ്റ്

നിർമ്മാണത്തെക്കാൾ ചെലവ് കൂടുതലാണ്. ഒരുകിലോമീറ്ററിന് 50 ലക്ഷം രൂപ അധികം ചെലവാണ്. 2021 മേയ് 20-ന് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അഞ്ച് വർഷംകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ 50 ശതമാനം BM&BC റോഡുകളാക്കി മാറ്റണമെന്നാണ് നിശ്ചയിച്ചത്. മൂന്നര വർഷംകൊണ്ട് 60 ശതമാനം റോഡുകൾ BM&BC റോഡുകളാക്കാൻ സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഈ വിഷയത്തിൽ ഇടപെടാമെന്ന് സഭയെ അറിയിക്കുന്നു.